# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3231 — 25-06-2012 -ൽ മറുപടിയ്ക്ക്.

## ആശ്രിത നിയമനം, സ്പോർട്ട്സ് ക്വാട്ട നിയമനം

| ചോദ്യം<br>ശ്രീ.കെ. രാജു | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| 1. (എ) സംസ്ഥാനത്തെ ആശ്രിതനിയമനം സ്പോർട്ട്സ് ക്വാട്ട നിയമനം എന്നിവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ : | (എ) മാതൃ വകുപ്പിലല്ലാതെ വിവിധ വകുപ്പുകളിലേതെങ്കിലും ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ താഴെപ്പറയുന്ന കാലയളവുവരെ സാധുവായ അപേക്ഷ സമർപ്പിച്ചവർക്കാണ് നിയമനത്തിനായി ഒഴിവ് നിർണ്ണയിച്ച് നൽകിവരുന്നത്. മാതൃ വകുപ്പുകളെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് വരുന്നു.<br><br>തസ്തിക — സാധുവായ അപേക്ഷ തിയതി.<br>എൽ.ഡി.സി. — 18-5-2005.<br>സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്. — 23-2-2006.<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. — 20-10-2011.<br>ഓഡിറ്റർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്. — 14-6-2011.<br>ലീഗൽ അസിസ്റ്റന്റ്. — 21-4-2008.<br>അസിസ്റ്റന്റ് (അഡ്വക്കേറ്റ് ജനറൽ ഓഫീസ്.) — 4-10-2004.<br><br>എൽ.ഡി.ടൈപ്പിസ്റ്റ്, ലാസ്റ്റ് ഗ്രേഡ് സർവന്റ്, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ, പോലീസ് കോൺസ്റ്റബിൾ എന്നീ തസ്തികകളിലേക്ക് നാളിതുവരെ എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്.<br><br>2006-08, 2009 കാലയളവുകളിലേയ്ക്കായി സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള 110 ഒഴിവുകളിൽ 101 പേർക്ക് നിയമനം നൽകുന്നതിലേയ്ക്കായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള വിവിധ കേസുകളിൽ പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 4 ഒഴിവുകളിലേയ്ക്കുള്ള നിയമനം താൽക്കാലികമായി തടഞ്ഞുവച്ചിരിക്കുകയാണ്. |
| (ബി) പ്രസ്തുത വിഭാഗങ്ങളിൽ ഇതുവരെയുള്ള കുടിശ്ശിക പൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ? | (ബി) ആശ്രിതനിയമനം സംബന്ധിച്ച കുടിശ്ശിക നികത്തുന്നതിന് 549 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.<br><br>സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾക്കായി 2010- 11 വർഷങ്ങളിൽ കുടിശ്ശികയുള്ള 100 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിലേയ്ക്കുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ